**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- എക്സൈസ് – അബ്കാരി നയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**നികുതി (ജി) വകുപ്പ്**

**ജി.ഒ.(എം.എസ്) നം. 43/2017/നി.വ** **തീയതി, തിരുവനന്തപുരം 13.06.2017**

പരാമർശം:- 1. ജി.ഒ(എം.എസ്) 94/2016/നി.വ. തീയതി, 06/10/2016.

2. ജി.ഒ(എം.എസ്) 14/2017/നി.വ. തീയതി, 17/03/2017.

3. ജി.ഒ(എം.എസ്) 16/2017/നി.വ. തീയതി, 25/03/2017.

4. ബഹു.സുപ്രീംകോടതിയുടെ 15/12/2016, 31/03/2017 ലെ സി.എ.നമ്പർ 12164-12166/2016 ലെ കോടതിവിധിന്യായം.

## ഉത്തരവ്

കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച്, മദ്യവർജ്ജനത്തെ പ്രോൽസാഹിപ്പിക്കുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ഉറപ്പാക്കി, സമ്പൂർണ്ണ ലഹരി വിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളിലെ ശുപാർശകൾ കണക്കിലെടുത്ത് ചെറുപ്പക്കാർക്കിടയിലെ ലഹരി ഉപയോഗവും, ആദിവാസി/തീരദേശ മേഖലകളിലെ ഗണ്യമായ തോതിലെ മദ്യ ഉപയോഗവും കുറയ്ക്കുന്നതോടൊപ്പം, മദ്യത്തിന് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും മദ്യം/ലഹരി ഉപയോഗിച്ചുതുടങ്ങിയിട്ടില്ലാത്ത വിദ്യാർത്ഥി/ യുവജനങ്ങൾക്കിടയിൽ മദ്യ/ലഹരിവസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെപ്പറ്റി ബോധവാന്മാരാക്കി അവരെ മദ്യ/ലഹരി ഉപയോഗത്തിലേയ്ക്ക് നയിക്കുന്നതിൽ നിന്നും പൂർണ്ണമായും തടയുന്നതിനുള്ള ലഹരി വർജ്ജന ആശയങ്ങൾ വിദ്യാർത്ഥി/യുവജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ നടത്തിവരുന്ന സ്കൂൾ/ കോളേജ്തല ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം, വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ/യുവജന സംഘടനകൾ/മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ മദ്യ/ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ജനങ്ങളുടെ മദ്യാസക്തി നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയില്ല, ആവശ്യകത കുറയ്ക്കുകയാണ് എന്ന യാഥാർത്ഥ്യം കണക്കിലെടുത്ത്മാത്രമേ പുതിയ മദ്യനയം പ്രഖ്യാപിക്കുവാൻ സാധിക്കുകയുള്ളൂ. മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ സർക്കാരിന്റെ വരുമാന നഷ്ടം കണക്കിലെടുക്കുന്നതോടൊപ്പം, സമാന്തര വ്യാജമദ്യ വില്പനയും മയക്കുമരുന്ന് ഉപയോഗത്തിന്റെ വർദ്ധനവും കാരണമാകുമെന്ന് വിവിധ പഠനറിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ട്.

പരമ്പരാഗതവും തൊഴിലധിഷ്ഠിതവുമായ ഒരു വ്യവസായം എന്ന നിലയിൽ കള്ള്ചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനും അതോടൊപ്പം വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, വിപണനം, മദ്യമയക്കുമരുന്ന് മാഫിയയുടെ പ്രവർത്തനം എന്നിവ പൂർണ്ണമായും തടയുന്നതിനും ഉതകുന്ന ഒരു

മദ്യനയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിനോദസഞ്ചാരമേഖലയിൽ ഉണ്ടാക്കിയിട്ടുള്ള തിരിച്ചടികൾ കണക്കിലെടുത്ത് വിനോദസഞ്ചാര മേഖലയ്ക്ക് സൗഹാർദ്ദപ്രദമായ ഒരു മദ്യനയം പ്രഖ്യാപിക്കേണ്ടതായ ആവശ്യകതയും നിലനിൽക്കുന്നു.

മേൽ വസ്തുതകൾ സർക്കാർ വിശദമായി പരിശോധിക്കുകയും ചുവടെ പറയും പ്രകാരം മദ്യനയം പ്രഖ്യാപിച്ചും വിവിധ അബ്കാരി ലൈസൻസുകൾ പുതുക്കി നിശ്ചയിച്ചും ഉത്തരവാകുന്നു.

**എ. ബോധവൽക്കരണം**

1. കേരള സമൂഹത്തിൽ അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും സഹകരിപ്പിച്ച് ശക്തിപ്പെടുത്തുന്നതാണ്.

2. മദ്യാസക്തിക്ക് അടിമപ്പെടുന്നവരെ ചികിത്സയ്ക്ക് വിധേയമാക്കി ലഹരിയിൽ നിന്നും വിമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

3. മദ്യവർജ്ജന-ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

4. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കും. നിലവിലുള്ളത് ശക്തിപ്പെടുത്തുന്നതാണ്.

5. മദ്യാസക്തിക്ക് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് മാതൃകാ സ്പെഷ്യാലിറ്റി ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതാണ്.

**ബി. <u>വിദേശമദ്യമേഖല</u>**

1. സംസ്ഥാനത്ത് 3 സ്റ്റാറിനും അതിനുമുകളിലും സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് (എഫ്-എൽ-3) അനുവദിക്കുന്നതാണ്.

2. എഫ്.എൽ-3/എഫ്.എൽ-11 ലൈസൻസ് ഉള്ള റസ്റ്റോറന്റുകളിൽ ആവശ്യമുള്ള അവസരങ്ങളിൽ പ്രത്യേക ഫീസ് ഈടാക്കി Banquet Hall-ൽ മദ്യം വിളമ്പുന്നതിന് അനുവാദം നൽകുന്നതാണ്.

3. വിദേശ മദ്യ ചട്ടമനുസരിച്ച് നൽകുന്ന ബീയർ-വൈൻ പാർലറുകൾ ഉൾപ്പെടെയുള്ള മറ്റ് ലൈസൻസുകൾ നിയമമനുസരിച്ച് യോഗ്യതയുള്ളവർക്ക് തുടർന്നും അനുവദിക്കുന്നതാണ്.

4. ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ 500 മീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ മദ്യവില്പനശാലകളും അടച്ചു പൂട്ടേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഇതിലൂടെ ധാരാളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് ഇത്തരം

സ്ഥാപനങ്ങൾ അത് സ്ഥിതി ചെയ്യുന്ന താലൂക്കിനുള്ളിൽ തന്നെ മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 01-04-2017 ന് മുൻപ് പ്രവർത്തിച്ചിരുന്നതും എന്നാൽ ബഹു.സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയതുമായ FL-11 (ബീയർ-വൈൻ) പാർലറുകൾക്ക്, അവിടെ ജോലി നോക്കിയിരുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിൽ കൊടുക്കണമെന്ന വ്യവസ്ഥയിൽ, അതേ താലൂക്കിൽ ദേശീയ/സംസ്ഥാന പാതയോരത്ത് നിന്നും 500 മീറ്റർ മാറി സൗകര്യപ്രദവും വൃത്തിയുള്ളതുമായ മറ്റൊരു കെട്ടിടത്തിൽ ബീയർ/വൈൻ പാർലർ പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നതാണ്.

5. ഒരു വ്യക്തിക്ക് ഒരു സമയം FL-1 ഔട്ട് ലെറ്റിലൂടെ വാങ്ങാവുന്ന വിദേശമദ്യത്തിന്റെ അനുവദനീയമായ നിലവിലുള്ള അളവ് 3 ലിറ്ററായി തുടരുന്നതാണ്.

6. ബാറുകളുടെ പ്രവർത്തനസമയം നിലവിലെ 12.30 മണിക്കൂറിൽ (രാവിലെ 9.30 മുതൽ രാത്രി 10 വരെ) നിന്നും 12 മണിക്കൂറായി രാവിലെ 11 മണി മുതൽ രാത്രി 11 മണി വരെ ആയി ക്രമപ്പെടുത്തും. വിനോദസഞ്ചാര മേഖലയിൽ സമയം രാവിലെ 10 മണി മുതൽ രാത്രി 11 മണി വരെ നിജപ്പെടുത്തുന്നതാണ്.

7. മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 23 വയസ്സായി (നിലവിലുള്ളത് 21 വയസ്) ഉയർത്തുന്നതാണ്.

8. ബാർ ലൈസൻസ് ഫീസ് നിരക്കുകൾ ചുവടെ പട്ടികയിൽ പറയും പ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

| ഇനം | പട്ടിക – 3<br>ബാർ ലൈസൻസ് ഫീസ് | | |
|---|---|---|---|
| | തരം | നിലവിലുള്ളത് (രൂപ) | പുതുക്കിയത് (രൂപ) |
| എഫ്.എൽ-1 | KSBC, കൺസ്യൂമർ ഔട്ട് ലെറ്റ് | 3,00,000 | 4,00,000 |
| എഫ്.എൽ-3 | ബാർ | 23,00,000 | 28,00,000 |
| എഫ്.എൽ-4 | നാവിക ക്ലബ് | 50000 | 50000 |
| എഫ്.എൽ-4 എ | ക്ലബ് ലൈസൻസ് | 15,00,000 | 15,00,000 |
| എഫ്.എൽ-5 | ഔഷധം ചേർത്ത വൈൻ വിൽക്കുന്നത് | 500 | 1000 |
| എഫ്.എൽ-6 | സ്വകാര്യ പാർട്ടി ആവശ്യം | 50,000 | 50,000 |
| എഫ്.എൽ-7 | എയർപോർട്ട് ലോഞ്ച് | 1,00,000 | 1,00,000 |
| എഫ്.എൽ-8 | മിലിറ്ററി ക്യാന്റീൻ | 500 | 1000 |
| എഫ്.എൽ-8 എ | പാരാ മിലിറ്ററി കാന്റീൻ | 500 | 1000 |
| എഫ്.എൽ-8 ബി | സി.ആർ.പി.എഫ് കാന്റീൻ | 500 | 1000 |
| എഫ്.എൽ-9 | വെയർ ഹൗസ് | 1,00,000 | 1,00,000 |
| എഫ്.എൽ-11 | ബീയർ/വൈൻ പാർലർ | 4,00,000 | 4,00,000 |

| | | | |
|---|---|---|---|
| എഫ്.എൽ-12 | ബീയർ റീറ്റെയിൽ | 3,00,000 | 3,00,000 |
| എഫ്.എൽ-13 | പബ് ബീയർ | 50,000 | 50,000 |

9. വിമാനത്താവളങ്ങളിൽ അന്താരാഷ്ട്ര Lounge-കൾക്കൊപ്പം ആഭ്യന്തര Lounge-കളിലും വിദേശമദ്യം ലഭ്യമാക്കുന്നതാണ്.

**സി. കള്ളുചെത്തുമേഖല**

1. ലൈസൻസിങ്ങ് സമ്പ്രദായത്തിലൂടെ 5 മുതൽ 7 വരെ കള്ള് ഷാപ്പുകളെ ഒരു ഗ്രൂപ്പായി തിരിച്ച് നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് വിൽപ്പന നടത്തുന്നതാണ്.

2. ഇത്തരത്തിൽ വിൽപ്പന നടത്തുമ്പോൾ ഒരു വ്യക്തിയ്ക്ക് 2 ഗ്രൂപ്പിൽ കൂടുതൽ വിൽപ്പന നടത്തുവാൻ അനുവദിക്കുന്നതല്ല.

3. കള്ള് ഷാപ്പുകൾ 3 വർഷത്തിൽ ഒരു തവണ വിൽപ്പന നടത്തുന്നതാണ്.

4. കള്ള് ഷാപ്പുകൾ വിൽപ്പന നടത്തുമ്പോൾ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

5. വിൽപ്പന പോകാത്ത കള്ള് ഷാപ്പുകൾ കള്ള് ചെത്ത്/ഷാപ്പ് തൊഴിലാളി കമ്മിറ്റികൾക്കോ കള്ള് സഹകരണ സംഘങ്ങൾക്കോ റെന്റൽ ഈടാക്കി നൽകുന്നതാണ്.

6. കള്ള് ഷാപ്പുകളുടെ വാർഷിക റെന്റൽ മാറ്റമില്ലാതെ തുടരുന്നതാണ്.

7. ഓരോ ഷാപ്പിനും ആവശ്യം വേണ്ടുന്ന ചെത്ത് വൃക്ഷങ്ങളുടെ എണ്ണം നിലവിലുള്ളത് തുടരുന്നതാണ്.

8. ലൈസൻസ് അനുവദിക്കുന്ന ഘട്ടത്തിൽ സഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലത്ത് മുൻ വർഷത്തിൽ ഷാപ്പ് നടത്തിയവർക്ക് പരിഗണന നൽകുന്നതാണ്.

9. ക്ഷേമനിധി കുടിശ്ശിഖ വരുത്തിയവർക്ക് പുതിയ ലൈസൻസ് അനുവദിക്കുന്നതല്ല

10. ഷാപ്പുകൾ ലൈസൻസ് എടുക്കുന്നവർ മുൻ വർഷത്തെ ക്ഷേമനിധിക്ക് തുല്യമായ തുകയുടെ ഗ്യാരന്റി ഹാജരാക്കേണ്ടതാണ്.

11. 3 സ്റ്റാറിനും അതിനു മുകളിലും സ്റ്റാർ ക്ലാസ്സിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിന് പ്രത്യേക അനുവാദം നൽകുന്നതാണ്.

12. കള്ള് ഷാപ്പുകളിൽ ശുചിത്വം ഉറപ്പാക്കുന്നതിനും ആധുനികവൽക്കരണത്തിനും വ്യവസായ തൊഴിൽ സംരക്ഷണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും നടപടി സ്വീകരിക്കുന്നതാണ്.

13. കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതും ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാനത്ത് ടോഡി ബോർഡ് രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതാണ്.

14. ദേശീയ/സംസ്ഥാന പാതയോരങ്ങളിലെ മദ്യവിൽപ്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന് ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവ് സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

15. അബ്കാരി ചട്ടങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

മേൽപ്പറഞ്ഞ മദ്യനയം നടപ്പിലാക്കുന്നതിന് എക്സൈസ് കമ്മീഷണർ, എം.ഡി., കെ.എസ്.ബി.സി. എന്നിവർ അടിയന്തര നടപടി കൈക്കൊള്ളേണ്ടതാണ്.

മദ്യനയരേഖ അനുബന്ധമായി അറിവിലേയ്ക്കായി ഇതോടൊപ്പം ചേർക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടോം ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
പൊതുഭരണ (എസ്.സി) വകുപ്പ് (08.06.2017 തീയതിയിലെ ഇനം നമ്പർ 1102 പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

# മദ്യനയം

കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി മദ്യ വർജനത്തിലൂടെ കുറച്ച് കൊണ്ടുവന്ന് ഇല്ലാതാക്കുക എന്നതാണ് മദ്യ നയം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. മദ്യവർജനത്തെ പ്രോത്സാഹിപ്പി ക്കുന്നതിന് നിലവിലുള്ളതിനേക്കാൾ കൂടുതൽ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാവും. മദ്യത്തേക്കാൾ സമൂഹത്തിന് ഭീഷണിയായി കഞ്ചാവും മയക്കുമരുന്നും ഉൾപ്പെടെയുള്ള മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗം ഇന്ന് വ്യാപകമാവുകയാണ്. വ്യാജമദ്യ ത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും വ്യാപനത്തിനും ഉപയോഗ ത്തിനും എതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം മദ്യ ഉപഭോഗത്തിനെതിരെ ജനകീയ ബോധം വളർത്തിയെടുക്കേണ്ടതുമുണ്ട്. ബഹുജനങ്ങളുടെ സഹ കരണത്തോടെ മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവൽക്ക രണ പ്രചരണ പരിപാടികൾ സംഘടിപ്പിക്കും.

മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് മാത്രം ഉപഭോഗം കുറയില്ല. അതേസമയം ആവശ്യകത ഇല്ലാതാക്കിയാൽ മാത്രമെ ഉപഭോഗം കുറയുകയുള്ളൂ. ആവശ്യകത നിലനിൽക്കുന്നിടത്തോളം അധികൃത മദ്യം

ലഭ്യമല്ലാത്ത സാഹചര്യത്തിൽ അനധികൃത മദ്യത്തിന്റെ വ്യാപനത്തിന് ഇടവരുന്നുണ്ട്. ഇത് മദ്യദുരന്തത്തിന്റെ സാധ്യത വർദ്ധിപ്പിക്കും. മദ്യ ഉപഭോഗം നിയന്ത്രിക്കുന്നതിന് ദ്വിമുഖ തന്ത്രം ആവിഷ്കരിക്കണം. മദ്യ ത്തിന് പൂർണ്ണമായും അടിമപ്പെട്ടവരെ ചികിത്സക്ക് വിധേയമാക്കണം. അത്തരക്കാരെ ബോധവൽക്കരണത്തിലൂടെ അവരുടെ സ്വഭാവ മാറ്റത്തിന് ശ്രമം നടത്തേണ്ടതായിട്ടുണ്ട്. മദ്യപാന ശീലം ആരംഭിച്ചിട്ടില്ലാത്ത പ്രത്യേ കിച്ച് യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി ബോധവൽക്കരിക്കുന്നതാണ്. ഇതൊരു യജ്ഞമായി തന്നെ നടപ്പിലാക്കും. ഈ പ്രവർത്തനത്തിന് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ആവശ്യമാണ്. സംസ്ഥാ നത്തെ രാഷ്ട്രീയ, സാംസ്കാരിക, യുവജന, വിദ്യാർത്ഥി പ്രസ്ഥാനങ്ങ ളെയും സന്നദ്ധ സംഘടനകളെയും ഈ പ്രസ്ഥാനത്തിൽ ഉൾപ്പെടുത്തു വാൻ ലക്ഷ്യമിടുന്നു.

മാനവരാശിയുടെ ആവിർഭാവ ഘട്ടം മുതൽ തന്നെ സമൂഹ ത്തിൽ മദ്യം നിലനിന്നിരുന്നു. മദ്യം നിരോധിക്കുന്നതിനുള്ള ശ്രമങ്ങൾ പല രാജ്യങ്ങളിലും, സമൂഹങ്ങളിലും വിവിധ കാലഘട്ടങ്ങളിൽ നട ന്നുവന്നിരുന്നു. എന്നാൽ സമ്പൂർണ്ണ മദ്യനിരോധനം ഒരു സ്ഥലത്തും വിജയിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. നിരോധനത്തിന്റെ ആദ്യ കാലഘട്ട

ങ്ങളിൽ മദ്യപാനത്തിന്റെ തോത് കുറയുമെങ്കിലും പിന്നീട് അത് വ്യാജമദ്യത്തിന്റെ രൂപത്തിൽ സമൂഹത്തിൽ എത്തിപ്പെടും. സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലെന്നാണ് ചരിത്രാനുഭവം തെളിയിക്കുന്നത്. മാത്രമല്ല വ്യാജമദ്യം ഉപയോഗിക്കുന്ന വ്യക്തികളുടെ സുരക്ഷിതത്വം ഒരു സങ്കീർണ്ണ പ്രശ്നമായി അവശേഷിക്കുന്നു. സംഘടിത കുറ്റകൃത്യങ്ങൾ മദ്യം, മയക്കു മരുന്ന് മറ്റ് ലഹരി വസ്തുക്കൾ എന്നിവ ഉപയോഗിച്ച സ്ഥലങ്ങളിലെല്ലാം തന്നെ പ്രകടമായി വർദ്ധിച്ചിട്ടുമുണ്ട്. മദ്യം ഉപയോഗിച്ചിരുന്നവരിൽ നല്ലൊരു ശതമാനം പേർ മയക്കുമരുന്നിലേക്ക് തിരിയാൻ ഇടയായിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യത കുറക്കുന്നതുകൊണ്ട് മാത്രം മദ്യത്തിന്റെ ആവശ്യം ഇല്ലാതാവുന്നില്ല. ജനങ്ങളിൽ അവബോധം സൃഷ്ടിച്ച് മദ്യത്തിന് ജനങ്ങളിൽ നിന്നുള്ള ആവശ്യം തന്നെ ഇല്ലാതാവുകയാണ് വേണ്ടത്. അത്തരത്തിൽ മദ്യവർജനത്തിലൂടെ സമ്പൂർണ്ണമായ ലഹരി വിമുക്ത കേരളീയ സമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കണം. മദ്യ ഉപഭോക്താക്കളിൽ 20-നും 45-നും ഇടയിൽ പ്രായമുള്ളവരിലാണ് മദ്യ ഉപഭോഗം കുടുതലായി കണ്ടു വരുന്നത്. (അവലംബം: Report of Kerala Alcohol study Team, Human Ethics Committee Medical college, Trivandrum, Dr. Vijayakumar and others, 2015) ഇതോടൊപ്പം തന്നെ ആദിവാസി സമൂഹത്തിനിടയിലും തീര

ദേശ മേഖലയിലും ഗണ്യമായ തോതിൽ മദ്യ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. ഈ മേഖലകളിലുള്ളവരുടെ ആരോഗ്യത്തെയും തൊഴിൽ ശേഷിയെയും ഇത് സാരമായി ബാധിച്ചിട്ടുണ്ട്. പൊതുവിൽ കേരളീയ സമൂഹത്തിൽ മദ്യത്തിന്റെ ഉപയോഗം കൂടി വരുന്നതായാണ് പഠനങ്ങളിൽ വ്യക്തമാകുന്നത്. മദ്യ ഉപയോഗത്തെക്കാൾ മയക്കുമരുന്നിന്റെ ഉപയോഗവും സമൂഹത്തിൽ വളരെയധികം വർദ്ധിച്ചുവരുന്നു. ഇത്തരത്തിലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം വർദ്ധിക്കുന്നതിനെ തടഞ്ഞുനിർത്താൻ ഒരു ജനകീയ പ്രസ്ഥാനം കെട്ടിപ്പടുക്കേണ്ടതുണ്ട്. ലഹരി വിമുക്ത കേരളത്തിന്റെ സൃഷ്ടിക്കായി ഒരു ജനകീയ പ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സമൂഹത്തിന്റെ നാനാതുറയിൽപെട്ട ജനവിഭാഗങ്ങളെയും ഈ പ്രസ്ഥാനത്തിൽ പങ്കാളികളാക്കുന്നതാണ്.

സമൂഹത്തിൽ പൂർണ്ണമായും മദ്യത്തിന് അടിമപ്പെട്ടവരും എന്നാൽ വല്ലപ്പോഴും മാത്രം മദ്യം ഉപയോഗിക്കുന്ന ആളുകളും ഉണ്ട്. മദ്യ ഉപഭോക്താക്കളിൽ 6 % പേർ പൂർണ്ണമായും മദ്യത്തിന്റെ അടിമകളും 54 % പേർ വലിയ തോതിൽ മദ്യം ഉപയോഗിക്കുന്നവരുമാണ്. മദ്യത്തിന് അടിമകളായവരിലും മദ്യം ഉപയോഗിച്ച് തുടങ്ങിയിട്ടില്ലാത്ത വിദ്യാർത്ഥികളിലും യുവജനങ്ങളിലുമാണ് ലഹരിവർജ്ജന പ്രസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കേണ്ട

ത്. മദ്യത്തിന് അടിമപ്പെട്ടവരെ ചികിത്സയ്ക്ക് വിധേയമാക്കേണ്ടതാണ്. മദ്യത്തിന് അടിമയാവുകയെന്നാൽ ഒരു രോഗാവസ്ഥയാണ്. അവർക്ക് നല്ല ചികിത്സ ലഭ്യമാക്കുകയെന്നത് വലിയ പ്രാധാന്യത്തോടെയാണ് കാണേണ്ട ത്. ഇത്തരത്തിലുള്ളവരെ കണ്ടെത്തേണ്ടത് ലഹരിവർജ്ജന പ്രസ്ഥാന ത്തിന്റെ കർത്തവ്യങ്ങളിൽ ഒന്നാണ്. മയക്കുമരുന്ന് ഉപയോഗിക്കുന്നവരെ അത് എത്ര അളവിലാണെങ്കിലും അത്തരക്കാരെ ചികിത്സക്ക് വിധേയമാ ക്കേണ്ടതുണ്ട്. ഇത്തരക്കാരെ കണ്ടെത്തുക എന്നത് വളരെ ശ്രമകരമായ ജോലിയാണ്. വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കും യുവജന സംഘടനക ൾക്കും സന്നദ്ധ സംഘടനകൾക്കും ഇക്കാര്യത്തിൽ വലിയ പങ്ക് വഹി ക്കാൻ സാധിക്കും. മദ്യവും മയക്കുമരുന്നും ഉപയോഗിക്കാത്ത ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് അവർക്കിടയിൽ ഇതിന്റെ ദൂഷ്യവശ ങ്ങളെക്കുറിച്ച് വ്യാപകമായി പ്രചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നിലവിൽ നടത്തിവരുന്ന പ്രചരണപ്രവർത്തനങ്ങൾ കൂടാതെ വിദ്യാർത്ഥിക ളെയും യുവാക്കളെയും ആകർഷിക്കത്തക്കതും അവർക്ക് അവബോധം നൽകുന്ന തരത്തിലുള്ളതുമായ പരിപാടികൾ സ്കൂൾ, കോളേജ് തലത്തിൽ നടപ്പിലാക്കും.

സംസ്ഥാന സർക്കാർ നിലവിൽ കെ.എസ്.ബി.സി-യുടെ ഫണ്ടിൽ നിന്നും ഡി-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകു

ന്നുണ്ട്. എല്ലാ ജില്ലകളിലും നിശ്ചയിക്കപ്പെട്ട സർക്കാർ ആശുപത്രികളോട നുബന്ധിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കും.സംസ്ഥാനത്ത് നിലവിൽ 30 FL-3 ഇനത്തിൽപ്പെട്ട ബാറുകളും, 815 ബിയർ & വൈൻ പാർലറുകളും, 34 ക്ലബ്ബുകളും, 306 എഫ്.എൽ-1 റീട്ടെയിൽ ഔട്ട്ലെറ്റു കളുമാണുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ പട്ടിക-1-ൽ ചേർക്കുന്നു.

| പട്ടിക - 1 | | | | |
|---|---|---|---|---|
| ജില്ല | എഫ്. എൽ-3 (BAR) | എഫ്.എൽ-1 (KSBC/Consumer) | എഫ്.എൽ-4 എ (Club license) | എഫ്.എൽ-11 (Beer&wine) |
| തിരുവനന്തപുരം | 6 | 39 | 4 | 99 |
| കൊല്ലം | 2 | 32 | 1 | 69 |
| പത്തനംതിട്ട | 0 | 16 | 1 | 29 |
| ആലപ്പുഴ | 2 | 22 | 1 | 46 |
| കോട്ടയം | 2 | 27 | 4 | 86 |
| ഇടുക്കി | 0 | 22 | 0 | 32 |
| എറണാകുളം | 13 | 46 | 12 | 177 |
| തൃശ്ശൂർ | 1 | 27 | 7 | 113 |
| പാലക്കാട് | 0 | 23 | 2 | 47 |
| മലപ്പുറം | 1 | 9 | 0 | 25 |
| കോഴിക്കോട് | 1 | 14 | 2 | 35 |
| വയനാട് | 1 | 6 | 0 | 11 |
| കണ്ണൂർ | 0 | 15 | 0 | 35 |
| കാസർകോട് | 1 | 8 | 0 | 11 |
| ആകെ | 30 | 306 | 34 | 815 |

മേൽപ്പറഞ്ഞ 815 ബിയർ & വൈൻ പാർലറുകളിൽ 680 എണ്ണം മുമ്പ് ബാറുകളായിരുന്നത് പിന്നീട് മാറ്റിയതാണ്. സംസ്ഥാനത്ത് ഇതുകൂടാതെ 5185 കള്ളുഷാപ്പുകളും ഉണ്ട്. ഇവയിൽ 3913 എണ്ണം ലൈസൻസോടെ പ്രവർത്തിച്ചവയാണ്. കൂടാതെ 340 എണ്ണം ഡിപ്പാർട്ട്മെന്റൽ മാനേജ്മെന്റിലും പ്രവർത്തിച്ചിരുന്നു.

കള്ള് ഷോപ്പുകളെ സംബന്ധിച്ച് വിവരം പട്ടിക 2-ൽ ചുവടെ ചേർക്കുന്നു.

പട്ടിക – 2

**കള്ളുഷാപ്പുകളെ സംബന്ധിച്ച വിവരങ്ങൾ**

| ജില്ല | ആകെ കള്ളു ഷാപ്പുകൾ | 2016-17 വർഷത്തേക്ക് പുതുക്കിനൽകിയവ | ലൈസൻസ് ചെയ്ത ഷോപ്പുകൾ | ലൈസൻസ് ചെയ്ത ഷാപ്പുകളിൽ പ്രവർത്തിക്കുന്നവ | ഡി.എം-ൽ പ്രവർത്തിക്കുന്നവ |
|---|---|---|---|---|---|
| തിരുവനന്തപുരം | 112 | 61 | 13 | 12 | 0 |
| കൊല്ലം | 233 | 114 | 75 | 69 | 5 |
| പത്തനംതിട്ട | 113 | 36 | 42 | 32 | 10 |
| ആലപ്പുഴ | 574 | 471 | 472 | 471 | 25 |
| കോട്ടയം | 632 | 579 | 550 | 516 | 34 |
| ഇടുക്കി | 237 | 225 | 212 | 203 | 12 |
| എറണാകുളം | 655 | 510 | 594 | 473 | 86 |
| തൃശ്ശൂർ | 723 | 658 | 610 | 557 | 65 |
| പാലക്കാട് | 809 | 761 | 773 | 761 | 12 |
| മലപ്പുറം | 259 | 177 | 99 | 91 | 17 |
| കോഴിക്കോട് | 208 | 197 | 193 | 185 | 11 |
| വയനാട് | 53 | 46 | 53 | 46 | 6 |
| കണ്ണൂർ | 384 | 355 | 381 | 353 | 29 |
| കാസർകോട് | 193 | 165 | 167 | 144 | 28 |
| ആകെ | 5185 | 4355 | 4234 | 3913 | 340 |

കള്ളുഷാപ്പുകളിൽ കൂടി ശുദ്ധമായ കള്ള് മാത്രമേ വിൽക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തും. ഇതുസംബന്ധിച്ച് കർശനമായ പരിശോധനകൾ നടത്തും.

നിലവിലെ നിയമം അനുസരിച്ച് ഒരു കള്ളുഷാപ്പിന് ഏറ്റവും കുറഞ്ഞത് 50 തെങ്ങ് അല്ലെങ്കിൽ **100** പന അല്ലെങ്കിൽ **25** ചൂണ്ടപന എന്നിവ നിർബന്ധമായും ചെത്തിയിരിക്കേണ്ടതാണ്. ഈ വ്യവസ്ഥ തുടരുന്നതാണ്.

സംസ്ഥാനത്ത് 2016-17 വർഷത്തിൽ **5,51,614** തെങ്ങിനും, **17,172** പനയ്ക്കും, 25,428 ചൂണ്ടപനയ്ക്കും വൃക്ഷക്കരം അടച്ചിട്ടുണ്ട്. ഇതിൽ നിന്നും ലഭിക്കാവുന്ന കള്ളിന്റെ അളവ് **10,69,977** ലിറ്റർ ആണ്.

നിലവിൽ കള്ളിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയക്കുമ്പോൾ അതിന്റെ ഫലം ലഭിക്കുന്നതിന് വളരെ കാലതാമസം എടുക്കുന്നുണ്ട്. ഇവ ഒഴിവാക്കുന്നതിന് പരിശോധനാ സംവിധാനം കൂടുതൽ വിപുലപ്പെടുത്തുന്നതാണ്. എക്സൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറിയിലെ പരിശോധനയ്ക്ക് നിയമ സാധുത വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കും.

ദേശീയ പാതയോരത്ത് പ്രവർത്തിക്കുന്ന വിദേശമദ്യ ഷാപ്പുകളെ സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ നിന്നും ഹൈക്കോടതി

യിൽ നിന്നും ചില നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ ഉത്തരവിനനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ എക്സൈസ് ചെക്കുപോസ്റ്റുകൾ ഇപ്പോഴും പ്രാചീനമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. പലയിടത്തും ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ല. കൂടാതെ എക്സൈസ് ചെക്കുപോസ്റ്റുകൾ തന്നെ നിലവിലില്ലാത്ത അതിർത്തി റോഡുകൾ ഉണ്ട്. ചെക്കുപോസ്റ്റുകളിൽ ആധുനിക സംവിധാനവും അധികം ജീവനക്കാരും ആവശ്യമാണ്. അതിർത്തി പ്രദേശങ്ങളിൽ പരിശോധനയും ആവശ്യമാണ്. ആയതിനാൽ ചെക്കുപോസ്റ്റുകളുടെ പ്രവർത്തനം ആധുനികവൽക്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കും.

അമിത മദ്യപാനവും മയക്കുമരുന്നുകളുടെ ദുരുപയോഗവും കേരളത്തിൽ ഒരു സാമൂഹിക പ്രശ്നമായി മാറിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ജനങ്ങളുടെ ഇടയിൽ മദ്യാസക്തി നിലനിൽക്കുന്നിടത്തോളം കാലം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ പ്രായോഗികമായ യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്ത് മാത്രമേ അബ്കാരി നയം പ്രഖ്യാപിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ കാലഘട്ടങ്ങളിൽ മദ്യനിരോധനമെന്ന ലക്ഷ്യം നിലനിർത്തിക്കൊണ്ട്

സംസ്ഥാനത്ത് നിലനിന്നിരുന്ന 712 ബാർ ലൈസൻസുകൾ, 78 **എഫ്. എൽ.1** ഔട്ട്ലെറ്റുകൾ എന്നിവ അടച്ചുപൂട്ടിയിരുന്നു. എന്നാൽ മദ്യ ഉപഭോഗത്തിൽ കാര്യമായ കുറവ് വരുത്തുന്നതിന് ഈ നയം സഹായകരമായിരുന്നില്ല. 2010-11 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2015-16 സാമ്പത്തിക വർഷത്തിൽ ആകെ വിദേശ മദ്യവിൽപ്പനയിൽ 7% കുറവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ ഇക്കാലയളവിൽ ബിയർ വിൽപ്പനയിൽ 80% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതായത് ബിയറിന്റെയും വിദേശ മദ്യത്തിന്റെയും ആകെ വിൽപ്പന പരിഗണിച്ചാൽ മദ്യത്തിന്റെ വിൽപ്പനയിൽ വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളുവെന്ന് മനസ്സിലാക്കാൻ കഴിയും. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്ന മദ്യനയത്തിൽ കാര്യമായ ഒരു പൊളിച്ചെഴുത്ത് ആവശ്യമാണ്.

ജനങ്ങളുടെ മദ്യാസക്തി കുറയാതെ മദ്യത്തിന്റെ ലഭ്യത ഇല്ലാതാക്കുന്നത് വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിന് ഇടയാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള മദ്യനയത്തിന്റെ ഭാഗമായി 31.03.2014-ൽ മദ്യശാലകൾ അടച്ചുപട്ടിയ ശേഷം എക്സൈസ് വകുപ്പ് കണ്ടെടുത്ത കേസുകളിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനവ് ഇതാണ് കാണിക്കുന്നത്. 2013-2014-ൽ 12904 അബ്കാരി

കേസുകളും 847 എൻ.ഡി.പി.എസ് (മയക്കുമരുന്ന്) കേസുകളും കണ്ടെടുത്ത സ്ഥാനത്ത് 2016-17 വർഷത്തിൽ അബ്കാരി കേസുകളുടെ എണ്ണം 25332 ഉം എൻ.ഡി.പി.എസ് 3835 ഉം ആയി വർദ്ധിച്ചു. ഇത് കാണിക്കുന്നത് സമ്പൂർണ്ണ മദ്യനിരോധനം ജനങ്ങൾക്കിടയിൽ മദ്യാസക്തി നിലനിൽക്കുന്നിടത്തോളം കാലം പ്രായോഗികമായി നടപ്പിലാക്കുവാൻ കഴിയില്ലായെന്നുള്ളതാണ്.

## *KERALA EXCISE DEPARTMENT*

## ENFORCEMENT ACTIVITIES OF EXCISE DEPARTMENT FROM 2011-12 TO 2016-17

| Sl. No | Year | No. of. Raids | No.of cases detected | | | No.of persons arrested | | Contraband seized/Destroyes | | | | | | | | | No. of Vehicles Seized |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | Abkari | NDPS | COPTA | Abkari | NDPS | Spirit (Ltr) | Arrack (Ltr) | IMFL (Ltr) | Wash (Ltr) | Arishtam (Ltr) | Beer (Ltr) | Toddy (Ltr) | Ganja (Kg) | Ganja Plans (no.s) | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| 1. | 2011-12 | 10283 | 12260 | 332 | | 10520 | | 24876 | 6452.5 | 39021 | 271889 | 23808 | 0 | 21575 | 1193 | 15 | 449 |
| 2. | 2012-13 | 114362 | 14351 | 649 | | 13183 | 635 | 37692 | 4148 | 40368 | 159112 | 18672 | 3030 | 12352 | 1019 | 163 | 487 |
| 3. | 2013-14 | 121214 | 12904 | 847 | | 12651 | 961 | 34843 | 2918 | 42266 | 103830 | 10488 | 6493 | 12131 | 968 | 36 | 531 |
| 4. | 2014-15 | 122468 | 14126 | 1014 | 431 | 13646 | 1112 | 31899 | 3262 | 35764 | 75442 | 11303 | 3464 | 11261 | 603 | 39 | 677 |
| 5. | 2015-16 | 126323 | 16917 | 1708 | 8470 | 15806 | 20703 | 3614 | 37958 | 226458 | 226458 | 19070 | 7777 | 15556 | 920 | 484 | 875 |
| 6. | 2016-17 | 142674 | 25332 | 3835 | 61107 | 23806 | 4049 | 2873 | 3861 | 38863 | 161710 | 24195 | 8601 | 17070 | 921 | 2306 | 153[illegible] |

മദ്യനിരോധനം പൂർണ്ണമായ അർത്ഥത്തിൽ ഒരിക്കലും നടപ്പിലാക്കുവാൻ കഴിയില്ല എന്നുള്ളത് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. മദ്യനിരോധനം നടപ്പിലാക്കാൻ ശ്രമിച്ച മറ്റ് സംസ്ഥാനങ്ങളുടെയും മറ്റ് രാജ്യങ്ങളുടെയും അനുഭവം ഇതാണ് സൂചിപ്പിക്കുന്നത്. മദ്യനിരോധനം പലതരത്തിലും കേരളസമൂഹത്തെ ദോഷകരമായി ബാധിക്കും. പ്രധാനമായും വ്യാജമദ്യത്തിന്റെ വ്യാപനം ഇതിന്റെ ഒരു പ്രധാന ദോഷഫലമാണ്. പതിനായിരക്കണക്കിന് തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുന്നതിന് ഇത് കാരണമാകും. ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെയും സാരമായി ബാധിക്കും.

സംസ്ഥാനത്ത് മദ്യനിരോധനം നടപ്പിലാക്കുന്നതിനെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച ഉദയഭാനു കമ്മീഷനും മദ്യ നിരോധനത്തെ അനുകൂലിച്ചിട്ടില്ല. “മദ്യവർജ്ജനം കേവലം ആരോഗ്യപ്രശ്നം എന്നതിൽ കവിഞ്ഞ് ദൈനംദിനവും ധാർമ്മികവും സാന്മാർഗ്ഗികവുമായ വ്യാപ്തിയുള്ളതിനാൽ ഒരു സംസ്ഥാനത്തിലെ ഒരു മേഖലയിലോ ഒരു സംസ്ഥാനത്ത് മാത്രമായി ഒതുക്കി നിർത്തി വിജയിപ്പിക്കുന്നതിൽ പ്രയാസമുണ്ട്. നിയമം മൂലം മദ്യം നിരോധിക്കുന്നത് കൊണ്ട് (വിശേഷിച്ചും ഒരു സംസ്ഥാനത്ത് മാത്രം) പ്രതീക്ഷിക്കുന്ന ഫലം ഉണ്ടാവില്ലായെന്ന

താണ്" പരിണിതപ്രജ്ഞനും ഗാന്ധിയനുമായ ശ്രീ. ഉദയഭാനുവിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി അഭിപ്രായപ്പെട്ടത്.

സംസ്ഥാനത്ത് മദ്യനിരോധനം നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ഗുണദോഷങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകിയ ഉദയഭാനു കമ്മീഷൻ മുമ്പാകെ സംസ്ഥാനത്തെ മുൻ മുഖ്യമന്ത്രിമാരായ ഇ.എം.എസ് നമ്പൂതിരപ്പാട്, സി. അച്യുതമേനോൻ, കെ. കരുണാകരൻ എന്നിവർ മദ്യനിരോധനത്തെ സംബന്ധിച്ച് അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരാരും തന്നെ മദ്യനിരോധനം പ്രായോഗിക നടപടിയാണെന്ന് അഭിപ്രായമുള്ളവരല്ല. സംസ്ഥാനത്ത് ദീർഘകാലം മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ ഒരു ഘട്ടത്തിലും ഈ ദിശയിൽ നടപടി സ്വീകരിക്കുകയോ നയം ആലോചിക്കുകയോ ചെയ്തിട്ടില്ല. മദ്യനിരോധനം പ്രായോഗികമായി നടപ്പിലാക്കാൻ സാദ്ധ്യമല്ല എന്ന് സുവ്യക്തമായ നിലപാട് അദ്ദേഹം സ്വീകരിച്ചിരുന്നു.

മദ്യനിരോധനത്തെക്കുറിച്ച് ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ അഭിപ്രായപ്പെട്ടത് ഇപ്രകാരമാണ്. "കേരളത്തിൽ മാത്രമല്ല മറ്റൊരിടങ്ങളിലും മദ്യനിരോധനം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കിയിട്ടില്ല.

മദ്യനിരോധനം നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളിലെല്ലാം തന്നെ വ്യാജ മദ്യ കള്ളക്കടത്തുകാരും അഴിമതിക്കാരായ ഉദ്യോഗസ്ഥരും ധാരാളം പണം സമ്പാദിച്ചു എന്നത് മാത്രമാണ് ഉണ്ടായിട്ടുള്ളത്. മദ്യനിരോധനം നടപ്പിലാക്കിയപ്പോൾ സർക്കാരിന്റെ വരുമാനം നഷ്ടപ്പെടുമെന്ന് മാത്ര മല്ല പൊതുജനങ്ങൾക്ക് വ്യാജമദ്യം കഴിക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങളുടെ ഭാരവും ഏൽക്കേണ്ടിവന്നു".

ലോകാരോഗ്യ സംഘടനയുടെ 'global strategy to reduce the harmful use of alcohol' എന്ന പ്രസിദ്ധീകരണത്തിൽ മദ്യത്തിന്റെ ലഭ്യത യിലുള്ള കർക്കശമായ നിയന്ത്രണങ്ങൾ സമാന്തര വ്യാജമദ്യ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് കാരണമാകുമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അപകട കരമായ മദ്യപാനം ഒഴിവാക്കുന്നതിന് ലോകാരോഗ്യ സംഘടന മുന്നോട്ട് വയ്ക്കുന്ന മാർഗ്ഗങ്ങൾ മദ്യവിപണത്തിന് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക, മദ്യവിപണന കേന്ദ്രങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം കൊണ്ട് വരുക, ചില്ലറ വിൽപ്പനയുടെ ദിവസങ്ങളും സമ യവും ക്രമീകരിക്കുക തുടങ്ങിയവ നിലവിൽ സംസ്ഥാനം സ്വീകരിച്ചി ട്ടുള്ള മാർഗ്ഗങ്ങളാണ്.

മേൽ സാഹചര്യങ്ങൾ പരിഗണിച്ചും ഇക്കാര്യത്തിൽ സർക്കാരിന് മുന്നിൽ ലഭ്യമായ റിപ്പോർട്ടുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിലും മദ്യനയം രൂപീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മദ്യാസക്തിക്കെതിരെയും മയക്കുമരുന്നുകളുടെ ദുരുപയോഗത്തിനെതിരെയും ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് സാക്ഷരത പ്രസ്ഥാനത്തിന്റെ മാതൃകയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് "വിമുക്തി" (കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ) എന്ന പേരിൽ പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മദ്യവർജനത്തിലൂടെ ജനങ്ങളെ മദ്യാസക്തിയിൽ നിന്ന് വിമുക്തരാക്കുകയും അതുവരെ ജനങ്ങൾക്ക് കർശനമായി നിയന്ത്രണങ്ങളോടെ മദ്യം ലഭ്യമാക്കുകയെന്നതുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ പരമ്പരാഗതവും തൊഴിലധിഷ്ടിതവുമായ ഒരു വ്യവസായം എന്ന നിലയിൽ കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതിനും അതോടൊപ്പം വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, വിപണനം, മദ്യമയ

ക്കുമരുന്ന് മാഫിയയുടെ പ്രവർത്തനം എന്നിവ പൂർണ്ണമായും തടയുന്നതിനും ഉതകുന്ന ഒരു മദ്യനയമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

യു.ഡി.എഫ് സർക്കാർ നടപ്പിലാക്കിയ അബ്കാരി നയം ടൂറിസം മേഖലയിൽ അതിഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ള തായി പ്രസ്തുത വകുപ്പ് നടത്തിയ പഠനരേഖകൾ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് MICE-ന് (Meeting, Incentives, Conferences, Conventions, Exhibitions and Events) തടസ്സമായി നിൽക്കുന്നത് നിലവിലെ അബ്കാരി നയമാണെന്നും പ്രസ്തുത നയത്തിലെ മാറ്റം വിനോദ സഞ്ചാരമേഖലയുടെ പുരോഗതിയ്ക്ക് അനിവാര്യമാണെന്നും കാര്യ കാരണസഹിതം വിനോദസഞ്ചാര വകുപ്പ് സമർത്ഥിച്ചിട്ടുണ്ട്. 2013 -ൽ 9.1 ശതമാനം വളർച്ചാനിരക്ക് രേഖപ്പെടുത്തിയ MICE വ്യവസായ ത്തിൽ **2014**-ൽ **4.8** ശതമാനം മാത്രമായിരുന്നു വളർച്ചയെങ്കിൽ **2015** -ൽ ഈ രംഗത്തെ വളർച്ചാനിരക്ക് **0.6** ശതമാനമായി കൂപ്പുകുത്തുകയു ണ്ടായി. പുതിയ അബ്കാരി നയം സംസ്ഥാനത്ത് നടപ്പിലാക്കിയ ശേഷം കേരളത്തിലെങ്ങുമുള്ള വിനോദസഞ്ചാരികളുടെ വരവിൽ **8.1%** ത്തിൽ നിന്നും **7.06%** ആയി കുറവ് ഉണ്ടായിട്ടുണ്ട്. ടി കാലയളവിൽ

വിനോദ സഞ്ചാരികളുടെ വരവ് ദേശീയതലത്തിൽ **5.9%** ത്തിൽ നിന്നും **10.2%** ആയി വളർച്ചാനിരക്ക് ഉണ്ടായിട്ടുണ്ട്. വിനോദസഞ്ചാരം അതിപ്രധാനമായ ഒരു തൊഴിൽ മേഖലയും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ നിയന്ത്രിക്കുന്നതിൽ പ്രധാന ഘടകവുമാണ്. കൂടാതെ കൃഷിയെയും പരമ്പരാഗത വ്യവസായങ്ങളെയും ടൂറിസവുമായി ബന്ധിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമം വിനോദസഞ്ചാര വകുപ്പ് നടത്തിവരികയുമാണ്.

മുകളിൽ പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം സർക്കാരിന്റെ പുതിയ മദ്യനയത്തിന് രൂപം നൽകുന്നു.

1) കേരള സമൂഹത്തിൽ അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ലഹരിവർജ്ജന മിഷൻ "വിമുക്തി"യുടെ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും സഹകരിപ്പിച്ച് ശക്തിപ്പെടുത്തും.

2). മദ്യാസക്തിക്ക് അടിമപ്പെടുന്നവരെ ചികിത്സയ്ക്ക് വിധേയമാക്കി ലഹരിയിൽ നിന്നും വിമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കും.

3). മദ്യവർജ്ജന-ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

4). സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കും. നിലവിലുള്ളത് ശക്തിപ്പെടുത്തും.

5). മദ്യാസക്തിക്ക് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് മാതൃകാ സ്പെഷ്യാലിറ്റി ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കും.

6). സംസ്ഥാനത്ത് 3 സ്റ്റാറിനും അതിനുമുകളിലും സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് (എഫ്-എൽ-3) അനുവദിക്കുന്നതാണ്.

7). എഫ്.എൽ-3/എഫ്.എൽ-11 ലൈസൻസ് ഉള്ള റസ്റ്റാറന്റുകളിൽ ആവശ്യമുള്ള അവസരങ്ങളിൽ പ്രത്യേക ഫീസ് ഈടാക്കി Banquet Hall-ൽ മദ്യം വിളമ്പുന്നതിന് അനുവാദം നൽകുന്നതാണ്.

8). വിദേശ മദ്യ ചട്ടമനുസരിച്ച് നൽകുന്ന ബീയർ-വൈൻ പാർലറുകൾ ഉൾപ്പെടെയുള്ള മറ്റ് ലൈസൻസുകൾ നിയമമനുസരിച്ച് യോഗ്യതയുള്ളവർക്ക് തുടർന്നും അനുവദിക്കുന്നതാണ്.

9). ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ 500 മീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ മദ്യവിൽപനശാലകളും അടച്ചുപൂട്ടേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഇതിലൂടെ ധാരാളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് ഇത്തരം സ്ഥാപനങ്ങൾ അത് സ്ഥിതി ചെയ്തിരുന്ന താലൂക്കിനുള്ളിൽ തന്നെ മാറ്റി സ്ഥാപിക്കേണ്ടതായി ട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 01-04-2017-ന് മുൻപ് പ്രവർത്തിച്ചിരുന്നതും എന്നാൽ ബഹു. സുപ്രീംകോടതി വിധി യുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയതുമായ FL-11 (ബീയർ-വൈൻ) പാർലറുകൾക്ക്, അവിടെ ജോലി നോക്കിയിരുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിൽ കൊടുക്കണമെന്ന വ്യവസ്ഥയിൽ, അതേ താലൂക്കിൽ ദേശീയ/സംസ്ഥാന പാതയോരത്ത് നിന്നും 500 മീറ്റർ മാറി സൗകര്യപ്രദവും വൃത്തിയുള്ളതുമായ മറ്റൊരു

കെട്ടിടത്തിൽ ബീയർ/വൈൻ പാർലർ പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നതാണ്.

10).ഒരു വ്യക്തിക്ക് ഒരു സമയം FL-1 ഔട്ട്ലെറ്റിലൂടെ വാങ്ങാവുന്ന വിദേശമദ്യത്തിന്റെ അനുവദനീയമായ നിലവിലുള്ള അളവ് 3 ലിറ്ററായി തുടരും.

11).ബാറുകളുടെ പ്രവർത്തനസമയം നിലവിലെ 12.30 മണിക്കൂറിൽ (രാവിലെ 9.30 മുതൽ രാത്രി 10 വരെ) നിന്നും 12 മണിക്കൂറായി രാവിലെ 11 മണി മുതൽ രാത്രി 11 മണി വരെ ആയി ക്രമപ്പെടുത്തും. ടൂറിസം മേഖലയിൽ സമയം രാവിലെ 10 മുതൽ രാത്രി 11 മണി വരെ നിജപ്പെടുത്തുന്നതാണ്.

12) മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 23 വയസായി (നിലവിലുള്ളത് 21 വയസ്സ്) ഉയർത്തും.

13) ബാർ ലൈസൻസ് ഫീസ് നിരക്കുകൾ ചുവടെ പട്ടിക **3-ൽ** പറയും പ്രകാരം പുതുക്കി നിശ്ചയിക്കാവുന്നതാണ്.

| | പട്ടിക - 3<br>ബാർ ലൈസൻസ് ഫീസ് | | |
|---|---|---|---|
| ഇനം | തരം | നിലവിലുള്ളത് (രൂപ) | പുതുക്കിയത് (രൂപ) |
| എഫ്.എൽ-1 | KSBC, കൺസ്യൂമർ-ഔട്ട്ലെറ്റ് | 3,00,000 | 4,00,000 |
| എഫ്. എൽ-3 | ബാർ | 23,00,000 | 28,00,000 |
| എഫ്. എൽ-4(0) | നാവിക ക്ലബ്ബ് | 50,000 | 50,000 |
| എഫ്. എൽ-4 എ | ക്ലബ്ബ് ലൈസൻസ് | 15,00,000 | 15,00,000 |
| എഫ്. എൽ-5 | ഔഷധം ചേർത്ത വൈൻ വിൽക്കുന്നത് | 5,00 | 1,000 |
| എഫ്. എൽ-6 | സ്വകാര്യ പാർട്ടി ആവശ്യം | 50,000 | 50,000 |
| എഫ്. എൽ-7 | എയർപോർട്ട് ലോഞ്ച് | 1,00,000 | 1,00,000 |
| എഫ്. എൽ-8 | മിലിറ്ററി ക്യാന്റീൻ | 500 | 1000 |
| എഫ്. എൽ-8 എ | പാരാ മിലിറ്ററി ക്യാന്റീൻ | 500 | 1000 |
| എഫ്. എൽ-8 ബി | സി.ആർ.പി.എഫ് കാന്റീൻ | 500 | 1000 |
| എഫ്. എൽ-9 | വെയർ ഹൗസ് | 1,00,000 | 1,00,000 |
| എഫ്. എൽ-11 | ബീയർ/വൈൻ പാർലർ | 4,00,000 | 4,00,000 |
| എഫ്. എൽ-12 | ബീയർ റീറ്റെയിൽ | 3,00,000 | 3,00,000 |
| എഫ്. എൽ1-13 | പബ്ബ് ബീയർ | 50,000 | 50,000 |

14).വിമാനത്താവളങ്ങളിൽ അന്താരാഷ്ട്ര Lounge-കൾക്കൊപ്പം ആഭ്യന്തര Lounge-കളിലും വിദേശമദ്യം ലഭ്യമാക്കുന്നതാണ്.

15).ലൈസൻസിങ്ങ് സമ്പ്രദായത്തിലൂടെ 5 മുതൽ 7 വരെ കള്ള് ഷോപ്പുകളെ ഒരു ഗ്രൂപ്പായി തിരിച്ച് നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് വിൽപ്പന നടത്തുന്നതാണ്.

16).ഇത്തരത്തിൽ വിൽപ്പന നടത്തുമ്പോൾ ഒരു വ്യക്തിക്ക് 2 ഗ്രൂപ്പിൽ കൂടുതൽ വിൽപ്പന നടത്തുവാൻ പാടില്ല.

17).കള്ള് ഷോപ്പുകൾ 3 വർഷത്തിൽ ഒരു തവണ വിൽപ്പന നടത്തുന്നതാണ്.

18).കള്ളുഷോപ്പുകൾ വിൽപ്പന നടത്തുമ്പോൾ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകും.

19).വിൽപ്പന പോകാത്ത കള്ള് ഷോപ്പുകൾ കള്ള് ചെത്ത്/ഷോപ്പ് തൊഴിലാളി കമ്മിറ്റികൾക്കോ കള്ള് സഹകരണ സംഘങ്ങൾക്കോ റെന്റൽ ഈടാക്കി നൽകുന്നതാണ്.

20).കള്ള് ഷോപ്പുകളുടെ വാർഷികറെന്റൽ മാറ്റമില്ലാതെ തുടരുന്നതാണ്

21).ഓരോ ഷോപ്പിനും ആവശ്യം വേണ്ടുന്ന ചെത്ത് വൃക്ഷങ്ങളുടെ എണ്ണം നിലവിലുള്ളത് തുടരും

22).ലൈസൻസ് അനുവദിക്കുന്ന ഘട്ടത്തിൽ സഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലത്ത് മുൻ വർഷത്തിൽ ഷോപ്പ് നടത്തിയവർക്ക് പരിഗണന നൽകുന്നതാണ്.

23). ക്ഷേമനിധി കുടിശ്ശിക വരുത്തിയവർക്ക് പുതിയ ലൈസൻസ് അനുവദിക്കുന്നതല്ല.

24).ഷാപ്പുകൾ ലൈസൻസ് എടക്കുന്നവർ മുൻ വർഷത്തെ ക്ഷേമനിധിക്ക് തുല്യമായ തുകയുടെ ഗ്യാരന്റി ഹാജരാക്കേണ്ടതാണ്.

25). 3 സ്റ്റാറിനും അതിനു മുകളിലും സ്റ്റാർ ക്ളാസ്സിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിന് പ്രത്യേക അനുവാദം നൽകുന്നതാണ്.

26).കള്ള് ഷോപ്പുകളിൽ ശുചിത്വം ഉറപ്പാക്കുന്നതിനും ആധുനികവൽക്കരണത്തിനും വ്യവസായ തൊഴിൽ സംരക്ഷണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും നടപടി സ്വീകരിക്കും.

27).കള്ള് വ്യവസായ മേഖല ഇന്ന് ഗുരുതമായ പ്രതിസന്ധി നേരിടുകയാണ്. ഈ വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജിവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതും ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിലും ലക്ഷ്യമിട്ട് സംസ്ഥാനത്ത് ടോഡി ബോർഡ് രുപീകരിച്ച് പ്രാവർത്തികമാക്കുന്നതാണ്.

28). ദേശീയ/സംസ്ഥാന പാതയോരങ്ങളിലെ മദ്യവിൽപന കേന്ദ്ര ങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന് ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവ് സംസ്ഥാനത്ത് നടപ്പിൽ വരുത്തു ന്നതിനുള്ള നടപടികൾ സ്വീകരിക്കും.

29). അബ്കാരി ചട്ടങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തു ന്നതിന് നടപടി സ്വീകരിക്കും.